"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ്-അങ്കണവാടി പ്രവേശനോത്സവം-2026-സംഘടിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.182/2026/WCDD തീയതി,തിരുവനന്തപുരം, 11-05-2026

---

പരാമർശം:- 1. സ.ഉ(സാധാ)നം.192/2025/WCDD തീയതി 23/05/2025.

2. വനിത ശിശു വികസന ഡയറക്ടറുടെ 02/05/2026 തീയതിയിലെ DWCD/1929/2026-ICDSB2-Part(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംയോജിത ശിശു വികസന സേവന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ പ്രീ സ്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക, സമൂഹത്തിൽ അങ്കണവാടികളുടെ പ്രാധാന്യം സംബന്ധിച്ചും, അങ്കണവാടികളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും എല്ലാ വർഷവും ജൂൺ, നവംബർ മാസങ്ങളിലെ ആദ്യത്തെ പ്രവൃത്തി ദിവസങ്ങളിൽ പ്രവേശനോത്സവം സംഘടിപ്പിക്കാറുണ്ട്.

(2) 2026 വർഷത്തെ പ്രവേശനോത്സവം മെയ് 30ന് സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും എല്ലാ വർഷത്തെയും പോലെ ഗംഭീരമായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും, പ്രവേശനോത്സവത്തിന് മുന്നോടിയായി പലവിധ മുന്നൊരുക്കങ്ങളും നടത്തി ആദ്യമായി അങ്കണവാടികളിൽ എത്തുന്ന കുഞ്ഞുങ്ങൾക്ക് വർണ്ണാഭമായ ഒരു വരവേൽപ്പ് അങ്കണവാടി തലത്തിൽ ഒരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) സംസ്ഥാനത്ത് ആകെയുള്ള 33120 അങ്കണവാടി കേന്ദ്രങ്ങളിലും, സംസ്ഥാനതലത്തിലും പ്രവേശനോത്സവ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഒരു അങ്കണവാടിയ്ക്ക് 500/- രൂപ നിരക്കിൽ ആകെ 1,65,60,000/- രൂപയും, സംസ്ഥാനതലത്തിൽ പ്രവേശനോത്സവം സംഘടിപ്പിക്കുന്നതിന് 3,00,000/- രൂപയും ചിലവ് പ്രതീക്ഷിക്കുന്നെന്നും, 2026 വർഷത്തെ പ്രവേശനോത്സവം അങ്കണവാടി തലത്തിലും സംസ്ഥാനതലത്തിലും സമുചിതമായി ആഘോഷിക്കുന്നതിനായി ചുവടെ പറയും പ്രകാരം ആകെ 1,68,60,000/- രൂപ (ഒരു കോടി അറുപത്തിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ആവശ്യമായി വരുന്നെന്ന് പരാമർശം (2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | തുക | ആകെ തുക |
|---|---|---|---|
| 1 | അങ്കണവാടി തലത്തിൽ പ്രവേശനോത്സവം സംഘടിപ്പിക്കുന്നതിന് | 500/- | 1,65,60,000/- (500 * 33120) |
| 2 | സംസ്ഥാനതല പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് | | 3,00,000/- |
| ആകെ | | | 1,68,60,000/- |

(3) മേൽ സാഹചര്യത്തിൽ 2026 വർഷത്തെ പ്രവേശനോത്സവം സംസ്ഥാനതലത്തിലും അങ്കണവാടി തലത്തിലും സംഘടിപ്പിക്കുന്നതിനുള്ള അനുമതിയും ആയതിലേയ്ക്ക് ആവശ്യമായ 1,68,60,000/- (ഒരു കോടി അറുപത്തിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) 2026-27 സാമ്പത്തിക വർഷത്തെ 2235-02-102-56-(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള ഭരണാനുമതിയും നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) അങ്കണവാടി പ്രവേശനോത്സവം സംഘടിപ്പിക്കുന്നതിന് പരാമർശം(1) പ്രകാരം സമഗ്രഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 വർഷത്തെ പ്രവേശനോത്സവം സംസ്ഥാനതലത്തിലും അങ്കണവാടി തലത്തിലും സംഘടിപ്പിക്കുന്നതിനുള്ള അനുമതിയും, ആയതിലേയ്ക്ക് ആവശ്യമായ **₹1,68,60,000/-** (ഒരു കോടി അറുപത്തിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപ 2026-27 സാമ്പത്തിക വർഷത്തെ 2235-02-102-56-(P) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 12-05-2026 11:22:19
സെക്ഷൻ ഓഫീസർ